# കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് എറണാകുളം

F2-12685/2020 തിയതി-25/01/2021

**സർക്കുലർ നമ്പർ -40/2020-21**

വിഷയം :- 1994 ലെ കേരള ചുമട്ടുതൊഴിലാളി (വിവിധോദ്ദേശ വായ്പ) പ്ലാൻ ഭേദഗതി ചെയ്ത് നടപ്പിലാക്കുന്നതിന് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളും കൽപ്പനകളും പുറപ്പെടുവിക്കുന്നു.

സൂചന :- 1) 1994 ലെ കേരള ചുമട്ടുതൊഴിലാളി (വിവിധോദ്ദേശ വായ്പ) പ്ലാൻ

2) 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശം.

3) 07/12/2020 ലെ എഫ് 1-9238/19 നമ്പർ അനൗദ്യോഗിക കുറിപ്പ്.

മേൽ സൂചന (2) ലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുള്ളതായി സൂചന (3) പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ വിവിധോദ്ദേശ വായ്പയുടെ പലിശ സംബന്ധിച്ച് സൂചന (1) പ്ലാനിലെ ഖണ്ഡിക 7-1 ന് താഴെപറയും പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

ഈ പ്ലാൻ പ്രകാരം അനുവദിക്കപ്പെടുന്ന വായ്പാ തുകയുടെ പലിശ നിരിവിലുള്ള 10 ശതമാനത്തിൽ നിന്നും 9.5 ശതമാനമായി കുറച്ചിരിക്കുന്നു. കൂടാതെ കൃത്യമായി മാസതവണ തെറ്റാതെ അടവ് വരുത്തുന്ന തൊഴിലാളിക്ക് പലിശയിൽ ½ ശതമാനം കൂടി ഇളവ് അനുവദിക്കുന്നതും മെഡിക്കൽ ലീവ് മൂലം അടവ് മുടങ്ങിയാലും ഇളവ് അനുവദിക്കുന്നതുമാണ്. എന്നാൽ കാലാവധിക്ക് മുമ്പ് അടച്ചു തീർക്കുന്ന ലോണിന് ടി ഇളവ് ബാധകമാകുന്നതല്ല.

ടി ഭേദഗതി 01/02/2021 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

ഈ സർക്കുലർ കമ്മിറ്റി/സബ് ഓഫീസിലെ ക്ലർക്ക് തലം തൊട്ട് മുകളിലുള്ള എല്ലാ ഉദ്യോഗസ്ഥൻമാർക്കും സർക്കുലേറ്റ് ചെയ്യേണ്ടതും ഒരു പകർപ്പ് തീയതി വച്ച് ഇനിഷ്യൽ ചെയ്ത് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതുമാകുന്നു.

ഈ അറിയിപ്പ് കമ്മിറ്റി ആഫീസിൽ ലഭിച്ചതിനുള്ള കൈപ്പറ്റ് രസീത് മടക്കതപാലിൽ കമ്മിറ്റി ചെയർമാൻ അയച്ചു തരേണ്ടതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്
(ഇൻ ചാർജ്ജ്)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻ , കൺവീനർ,
അക്കൗണ്ട്സ് ഓഫീസർ, ജൂനിയർ സൂപ്രണ്ടുമാർക്കും.
സെക്രട്ടറി, ഫിനാൻസ് ഓഫീസർ,
അക്കൗണ്ട്സ് ഓഫീസർ (ഐ.എ), (ഡബ്ലിയു.& ഇ) (പി &എ)

<u>പകർപ്പ്</u>

ബോർഡിലെ എല്ലാ ജൂനിയർ സൂപ്രണ്ടുമാർക്കും

// ഉത്തരവിൻ പ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്